**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1936** **11-10-2024 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ശബരി റെയിൽപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ (2815 കോടി) 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് 7.01.2021ലെ സ.ഉ.(കൈ) നം. 1/2021/ഗത പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനും ഡി.പി.ആർ തയ്യാറാക്കുന്നതിനും റെയിൽവേ ബോർഡ് കെ-റെയിലി നെ നിർദ്ദേശിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ലിഡാർ സർവ്വേ പൂർത്തീകരിക്കുകയും പുതുക്കിയ എസ്റ്റിമേറ്റ് (3800 കോടി) റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തു.<br><br>പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. കിഫ്ബിയുടെ കടം പൂർണമായിട്ടും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് ഒഴിവാക്കിയാൽ ശബരി പദ്ധതിയുടെ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തയാറാണ് എന്നുള്ള സർക്കാർ നിലപാട് റെയിൽവേ ബോർഡ് ചെയർമാനു കത്തിലൂടെ 29.08.2024 നു അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾക്കായി 10.09.2024-ന് കൗണ്ടർ സൈൻ ചെയ്ത പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ദക്ഷിണ റെയിൽവേ, എറണാകുളം) ക്കും കത്ത് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് റെയിൽവേയിൽ നിന്നുമുള്ള മറുപടി പ്രതീക്ഷിക്കുന്നത്. |
| (ബി) | ശബരി റെയിൽപാത നിർമ്മാണത്തിനായി കേന്ദ്രത്തിന്റെ പലിശരഹിത വായ്പക്കായി സംസ്ഥാനം | (ബി) | നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| | അപേക്ഷ നൽകിയിട്ടുണ്ടോ; അതിന്മേൽ കേന്ദ്രം എന്തു തീരുമാനമാണ് അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാറുമായി ഉന്നതതല ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (സി) | പദ്ധതി പുനരാരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയക്കുകയുണ്ടായി. പദ്ധതി പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയോട് ആവശ്യപ്പെടുകയുണ്ടായി. (D.O. No. 9672021/CM, Dated 18.09.2021). കൂടാതെ അങ്കമാലി - ശബരി പദ്ധതിയുമായി ബന്ധപ്പെട്ട് കേരള മുഖ്യമന്ത്രി 22.10.2021 ന് കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.<br><br>തുടർന്ന് 17.08.2022-ന് കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലും അങ്കമാലി - ശബരി ഉൾപ്പെടെയുള്ള പദ്ധതികൾ പ്രധാന അജണ്ടയായി വന്നിട്ടുള്ളതാണ്. എം.പി മാരുടെ സമ്മേളനത്തിലും പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനാവശ്യമായ കാര്യങ്ങൾ മുന്നോട്ട് വച്ചിട്ടുള്ളതാണ്. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും കെ.ആർ.ഡി.സി.എൽ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിനു അംഗീകാരം നൽകുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി 23.03.2023 നും 30.06.2023 നും ബഹു. കേന്ദ്ര റെയിൽ വകുപ്പ് മന്ത്രിക്കും കത്തയച്ചിട്ടുണ്ട്. കൂടാതെ 21.06.2024 ന് കേന്ദ്ര റെയിൽവേ മന്ത്രിക്കു ഈ പദ്ധതിയുടെ നേട്ടങ്ങളെക്കുറിച്ചുള്ള താരതമ്യ കുറിപ്പ് ഉൾപ്പെടുന്ന ഒരു കത്ത് നൽകുകയും അങ്കമാലി-എരുമേലി-ശബരി പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നൽകാൻ അഭ്യർത്ഥിക്കുകയും ചെയ്തു. |
| (ഡി) | ശബരി റെയിൽപാത യാഥാർഥ്യമാക്കുന്നതിലേക്കായി മറ്റെന്തെല്ലാം കർമ്മപദ്ധതികളാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | റെയിൽവേയുടെ ആവശ്യപ്രകാരം അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. കിഫ്ബിയുടെ കടം പൂർണമായിട്ടും സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ നിന്ന് ഒഴിവാക്കിയാൽ ശബരി പദ്ധതിയുടെ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കാൻ തയാറാണ് എന്നുള്ള സർക്കാർ നിലപാട് റെയിൽവേയെ അറിയിച്ചിട്ടുണ്ട്. പിന്നീടുള്ള തുടർ നടപടികൾക്കായി |

| | | | |
|---|---|---|---|
| | | | കൗണ്ടർ സൈൻ ചെയ്ത പുതുക്കിയ എസ്റ്റിമേറ്റ് സഹിതം റെയിൽവേക്കു നൽകിയിട്ടുണ്ട്.<br>പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനു റെയിൽവേയിലും കേന്ദ്ര സർക്കാരിലും നിരന്തരമായി സമ്മർദ്ദം ചെലുത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ